"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ചേർത്തല നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ - ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.832/2024/LSGD തീയതി,തിരുവനന്തപുരം, 09-05-2024

പരാമർശം:-
1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 20.01.2020തീയതിയിലെ ഇ6(എസ്.സി. 46/2019/എ.എൽ.പി) 1169/19 നമ്പർ കത്ത്.
2. 25.03.2021 തീയതിയിലെ ഇയു2-219/2020-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക.
3. പ്രിൻസിപ്പൽഡയറക്ടറുടെ 22.10.2023 തീയതിയിലെ LSGD/PD/2512/2023-VIGA6 നമ്പർ കത്ത്.

**ഉത്തരവ്**

നഗരസഭകളിൽ കെട്ടിടനമ്പർ അനുവദിക്കുന്നതിലെ ക്രമക്കേടുകൾ സംബന്ധിച്ച് സംസ്ഥാനവ്യാപകമായി വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയുടെ ഭാഗമായി ചേർത്തല നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ ചേർത്തല നഗരസഭയിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടത്തിയ ക്രമക്കേടുകളിൽ നഗരസഭയിൽ കെട്ടിടനികുതി നിർണ്ണയിച്ച് നൽകിയതുമായി ബന്ധപ്പെട്ട BA/80/19, BA/222/18, BA/157(4)/14-15, BA/84/17, BA/157(10)14-15, BA/565/13-14 എന്നീ ഫയലുകൾ പ്രകാരം ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യതവണ അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്യതിന്റെ ആധികാരികരേഖയോ ഹാജരാക്കാതെയാണ് നികുതി നിർണ്ണയം നടത്തി കെട്ടിടനമ്പർ നഗരസഭയിൽ നിന്നും അനുവദിച്ച് നൽകിയിട്ടുള്ളത് എന്ന കണ്ടെത്തലിന്റെയടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശചെയ്യതനുസരിച്ച്, മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായി കണ്ടെത്തിയ ചേർത്തല നഗരസഭയിലെ ചുവടേ ചേർക്കുന്ന ജീവനക്കാർക്കെതിരേ അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ലഘുശിക്ഷയ്ക്കുള്ള കുറ്റാരോപണമെമ്മോ നൽകിയിരുന്നു.

i). ശ്രീമതി. ജ്യോതിമോൾ.വി., ആർ3 സെക്ഷൻക്ലർക്ക്, റവന്യൂ വിഭാഗം

ii). ശ്രീമതി. രാധിക.ടി.ജി.,ആർ4 സെക്ഷൻക്ലർക്ക്, റവന്യൂ വിഭാഗം

iii) ശ്രീമതി. അശ്വതി.ജെ,ആർ5 സെക്ഷൻക്ലർക്ക്, റവന്യൂ വിഭാഗം

iv). ശ്രീ. ശ്രീകുമാർ.പി.എസ്., റവന്യൂ ഇൻസ്പെക്ടർ, റവന്യൂ വിഭാഗം
v). ശ്രീ. പ്രശാന്ത്.പി., റവന്യൂ ഇൻസ്പെക്ടർ,റവന്യൂ വിഭാഗം
vi). ശ്രീമതി.ഷജിത കൃഷ്ണൻ,സൂപ്രണ്ട്,റവന്യൂ വിഭാഗം

2. കുറ്റാരോപണമെമ്മോക്ക് ടി ജീവനക്കാർ ലഭ്യമാക്കിയ എതിർവാദപത്രികകളിൻമേൽ ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് ആലപ്പുഴ മുഖേന അന്വേഷണം നടത്തി പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 3 പ്രകാരം അഭിപ്രായറിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

3. കുറ്റാരോപണ മെമ്മോക്ക് ശ്രീമതി ജ്യോതിമോൾ.വി, ആർ-3 സെക്ഷൻ ക്ലർക്ക് സമർപ്പിച്ച മറുപടി പ്രകാരം ഫയലിൽ യഥാവിധി വിവരങ്ങൾ ചേർക്കാതിരുന്നത്, 30/01/2019 തീയതിയിൽ സെക്ഷൻ ചുമതല ലഭിച്ച തുടക്കക്കാരി ആയതുകൊണ്ട് സംഭവിച്ച തെറ്റാണെന്ന് സമ്മതിക്കുകയുണ്ടായി. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം കെട്ടിട നമ്പർ അനുവദിച്ച BA-80/19 നമ്പർ ഫയലിൽ കെട്ടിട നികുതി അടവാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളത് 03/07/2019 തീയതിയിലും, 20/06/2019 തീയതിയിൽ റിട്ടേൺ ഹാജരാക്കിയിട്ടുമുണ്ട്. ഒറ്റത്തവണ നികുതി അടവാക്കിയിട്ടുള്ളത് 04.01.2020 തീയതിയിലുമാണ്. കെട്ടിട നമ്പർ അനുവദിച്ച BA/222/18 നമ്പർ ഫയലിൽ കെട്ടിട നികുതി അടവാക്കുന്നതിനായി ഡിമാൻറ് നോട്ടിസ് നൽകിയിട്ടുള്ളത് 24.09..2019 തീയതിയിലാണ്. 29/08/2019 തീയതിയിൽ റിട്ടേൺ ഹാജരാക്കിയതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ഒറ്റത്തവണ നികുതി അടവാക്കിയിട്ടുള്ളത് 05.06.2020 തീയതിയിലുമാണ്. 28.11.2019 തീയതിയിലെ വിജിലൻസ് പരിശോധനാ വേളയിൽ ഒറ്റത്തവണ നികുതി ഒടുക്കിയിരുന്നെങ്കിലും രസീത് ഫയലിൽ സൂക്ഷിച്ചിരുന്നില്ല എന്ന് അറിയിക്കുന്നു.

4. ശ്രീമതി രാധിക ടി.ജി, റവന്യ വിഭാഗം ആർ-4 സെക്ഷൻ ക്ലർക്ക് സമർപ്പിച്ച മറുപടി പ്രകാരം കുറ്റാരോപണ മെമ്മോയിൽ പരാമർശിച്ചിട്ടുള്ള BA/157(10)/14-15, BA/157(4)14-15 എന്നീ ഫയലുകളിൽ ഒറ്റത്തവണ നികുതി അടവാക്കിയ ശേഷമാണ് കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതെന്നും എന്നാൽ രസീതിന്റെ പകർപ്പ് ഫയലിൽ ചേർക്കുന്നതിന് വിട്ടുപോയിട്ടുള്ളതാണെന്നും ടി കാര്യത്തിൽ സംഭവിച്ച മനഃപൂർവമല്ലാത്ത വീഴ്ചയിൽ തുടർനടപടി ഒഴിവാക്കി നൽകണമെന്ന് അപേക്ഷിച്ചിരുന്നു.

5. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം മേൽ പരാമർശിച്ചിട്ടുള്ള ഫയലുകളിൽ ഒറ്റത്തവണ നികുതി അടവാക്കിയ ശേഷമാണ് കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഒറ്റത്തവണ നികുതി അടവാക്കിയ രസീതിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. 28.10.2019 തീയതിയിലെ വിജിലൻസ് പരിശോധനാ വേളയിൽ, ഒറ്റത്തവണ നികുതി ഒടുക്കിയിരുന്നെങ്കിലും രസീത് ഫയലിൽ സൂക്ഷിച്ചിരുന്നില്ല. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ചാർജ്ജ് മെമ്മോ ശരിവയ്ക്കുന്നതാണ് ടിയാളുടെ വിശദീകരണം.

6. ശ്രീമതി അശ്വതി.ജെ. റവന്യൂ വിഭാഗം ആർ സെക്ഷൻ ക്ലർക്ക് സമർപ്പിച്ച മറുപടി പ്രകാരം സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വന്ന മാറ്റത്തെക്കുറിച്ചുള്ള അറിവില്ലായ്മ മൂലവും മേൽ അധികാരികളുടെ നിർദ്ദേശം ലഭിക്കാതിരുന്നതു മൂലവും, സംഭവിച്ച തെറ്റ് എന്ന നിലയിലും ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്നും നികുതി അടപ്പിച്ചതിനാലും ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ഒറ്റത്തവണ നികുതി അടപവാക്കിയതിന്റെ രസീത് ഹാജരാക്കിയിട്ടുണ്ടെന്നും പ്രസ്താവിക്കുന്നു.

7. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം കെട്ടിട നമ്പർ അനുവദിച്ച BA-84/2017 നമ്പർ ഫയലിൽ കെട്ടിട നികുതി അടവാക്കുന്നതിനായി ഡിമാൻറ് നോട്ടീസ് നൽകിയിട്ടുള്ളത്

03.08.2018 തീയതിയിലും ഒറ്റത്തവണ നികുതി അടവാക്കിയിട്ടുള്ളത്. 13/08/2018 തീയതിയിലുമാണ്. കെട്ടിട നമ്പർ അനുവദിച്ച BA-565/13-14 നമ്പർ ഫയലിൽ കെട്ടിട നികുതി അടവാക്കുന്നതിനായി ഡിമാൻറ് നോട്ടീസ് നൽകിയിട്ടുള്ളത് 25/06/2018 തീയതിയിലും ഒറ്റത്തവണ നികുതി അടവാക്കിയിട്ടുള്ളത് 05/10/2018 തീയതിയിലുമാണെന്ന് ഹാജരാക്കിയിട്ടുള്ള രസീതിന്റെ പകർപ്പിൽ നിന്നും ബോദ്ധ്യപ്പെട്ടു. വിജിലൻസ് പരിശോധയിൽ അപാകത കണ്ടെത്തിയ BA/84/2017, 82-565/13-14 എന്നീ ഫയലുകളിൽ കെട്ടിട നമ്പർ അനുവദിച്ചത് 03.08.2018 25.06.2018 തീയതികളിലും, ഒറ്റത്തവണ നികുതി ഒടുക്കിയിട്ടുള്ളത് യഥാക്രമം 13.08.2018, 05:10,2018 തീയതികളിലുമാണ്. 09.07.2015 ലെ സ.ഉ(എം.എസ്) 231/15/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശം പാലിക്കാതെയാണ് കെട്ടിട നമ്പർ നൽകിയിട്ടുള്ളത്. എന്നിരുന്നാലും കെട്ടിട ഉടമസ്ഥൻ റിട്ടേൺ അതിന് മുമ്പ് നൽകിയതായി കണക്കാക്കാവുന്നതാണ്. റിട്ടേണിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. 28.10.2019 തീയതിയിലെ വിജിലൻസ് പരിശോധനാ വേളയിൽ, ഒറ്റത്തവണ നികുതി ഒടുക്കിയിരുന്നെങ്കിലും രസീത് ഫയലിൽ സൂക്ഷിച്ചിരുന്നില്ല. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ചാർജ്ജ് മെമ്മോ ശരിവയ്ക്കുന്നതാണ് ടിയാരിയുടെ വിശദീകരണം എന്ന് അറിയിക്കുന്നു.

8. ശ്രീ. ശ്രീകുമാർ പി.എസ്. റവന്യു ഇൻസ്പെക്ടർ സമർപ്പിച്ച മറുപടി പ്രകാരം കെട്ടിട നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് കുറ്റാരോപണ മെമ്മോയിൽ പരാമർശിച്ചിട്ടുള്ള BA-157(10)/14-15, BA-157(4)14-15 എന്നീ ഫയലുകളിൽ ഒറ്റത്തവണ നികുതി അടവാക്കിയ ശേഷമാണ് കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതെന്നും എന്നാൽ രസീതിന്റെ പകർപ്പ് ഫയലിൽ ചേർക്കുന്നതിന് വിട്ടുപോയിട്ടുള്ളതാണെന്നും മറുപടി നൽകിയിട്ടുണ്ട്. 28.10.2019 തീയതിയിലെ വിജിലൻസ് പരിശോധനാവേളയിൽ, ഒറ്റത്തവണ നികുതി ഒടുക്കിയിരുന്നെങ്കിലും രസീത് ഫയലിൽ സൂക്ഷിച്ചിരുന്നില്ല എന്നതിനാൽ ചാർജ്ജ് മെമ്മോ ശരിവയ്ക്കുന്നതാണ് ടിയാളുടെ വിശദീകരണം എന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

9. ശ്രീ. പ്രശാന്ത്, റവന്യൂ ഇൻസ്പെക്ടർ,റവന്യൂ വിഭാഗം സമർപ്പിച്ച മറുപടി പ്രകാരം മെമ്മോയിൽ പരാമർശിക്കുന്ന രണ്ട് കെട്ടിടങ്ങളുടേയും ഉടമകൾ വില്ലേജ് ആഫീസിൽ റിട്ടേൺ ഹാജരാക്കിയിട്ടുണ്ടെന്നും മേൽ പരാമർശിച്ചിരിക്കുന്ന ക്രമ നമ്പർ 1. ഫയൽ നമ്പർ ബി.എ-84/17 പ്രകാരമുള്ള കെട്ടിടത്തിന്റെയും ക്രമ നമ്പർ 2, ഫയൽ നമ്പർ ബി.എ-565/ 13-14 പ്രകാരമുള്ള കെട്ടിടത്തിന്റെയും ഒറ്റത്തവണ നികുതി ഒടുക്കിയിട്ടുണ്ടെന്നും ആയത് യഥാക്രമം 05/10/2018, 13/08/2018 തിയതികളിലാണെന്നും പ്രസ്താവിച്ചിരുന്നു. എന്നാൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 28/10/2019 തിയതിയിലാണ് നഗരസഭയിൽ പരിശോധന നടത്തിയിട്ടുള്ളത്. ഒറ്റത്തവണ നികുതി നേരത്തെ ഒടുക്കിയിരുന്നെങ്കിലും രശീതി ഫയലിൽ ശരിയായ രീതിയിൽ സൂക്ഷിച്ചില്ല എന്നത് ടിയാന്റെ ഭാഗത്തുനിന്നുണ്ടായ മനഃപൂർവ്വമല്ലാതെ സംഭവിച്ച തെറ്റാണെന്ന് സമ്മതിച്ചിട്ടുള്ളതാണ്.

10. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം കെട്ടിട നമ്പർ അനുവദിച്ച BA-84/2017 നമ്പർ ഫയലിൽ കെട്ടിട നികുതി അടവാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളത് 03/08/2018 തീയതിയിലും ഒറ്റത്തവണ നികുതി അടവാക്കിയിട്ടുള്ളത് 13/08/2018 തീയതിയിലുമാണ്. BA-565/13-14 നമ്പർ ഫയലിൽ കെട്ടിട നികുതി അടവാക്കുന്നതിനായി ഡിമാന്റ് നോട്ടിസ് നൽകിയിട്ടുള്ളത് 25/06/2018 തീയതിയിലും ഒറ്റത്തവണ നികുതി അടവാക്കിയിട്ടുള്ളത് 05/10/2018 തീയതിയിലുമാണ്. ഒറ്റത്തവണ നികുതി ഈടാക്കുന്നതിന് മുമ്പ് തന്നെ കെട്ടിടനമ്പർ നൽകിയിട്ടുള്ളതായി വ്യക്തമാണ്. എന്നിരുന്നാലും ഉടമസ്ഥൻ റിട്ടേൺ അതിന് മുമ്പ് നൽകിയതായി കണക്കാക്കാവുന്നതാണ് റിട്ടേണിന്റെ പകർപ്പ് പരിശോധനയ്ക്ക്

ലഭ്യമായിട്ടില്ല. 28/10/2019 തിയതിയിലെ വിജിലൻസ് പരിശോധനാ വേളയിൽ ഒറ്റത്തവണ നികുതി ഒടുക്കിയിരുന്നെങ്കിലും രശീതി ഫയലിൽ സൂക്ഷിച്ചിരുന്നില്ലായെന്ന് അറിയിക്കുന്നു.

11. ശ്രീമതി ഷജിത കൃഷ്ണൻ. റവന്യൂ വിഭാഗം സൂപ്രണ്ട് സമർപ്പിച്ച മറുപടി പ്രകാരം കുറ്റാരോപണ മെമ്മോയിൽ സൂചിപ്പിച്ചിട്ടുള്ള ഫയലുകളിൽ ഒറ്റത്തവണ നികുതി അടവാക്കിയ രസീതിന്റെ പകർപ്പ് വാങ്ങി സുക്ഷിച്ചിട്ടുള്ളതായും മനഃപൂർവ്വമല്ലാത്ത വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് മാപ്പാക്കണമെന്നുമാണ് ടിയാൾ കുറ്റാരോപണ മെമ്മോക്കുള്ള മറുപടിയിൽ അപേക്ഷിച്ചിട്ടുള്ളത്.

12. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം കെട്ടിട നമ്പർ അനുവദിച്ച ബിഎ-80/19 നമ്പർ ഫയലിൽ കെട്ടിട നികുതി അടവാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളത് 03/07/2019 തീയതിയിലും ഒറ്റത്തവണ നികുതി അടവാക്കിയിട്ടുള്ളത് 04.01.2020 തിയതിയിലുമാണ്. കെട്ടിട നമ്പർ അനുവദിച്ച BA-222/18 നമ്പർ ഫയലിൽ കെട്ടിട നികുതി അടവാക്കുന്നതിനായി ഡിമാൻറ് നോട്ടീസ് നൽകിയിട്ടുള്ളത് 24.09.2019 തീയതിയിലും ഒറ്റത്തവണ നികുതി അടവാക്കിയിട്ടുള്ളത് 05.06.2020 തീയതിയിലുമാണ്. കെട്ടിട നമ്പർ അനുവദിച്ച ബിഎ-84/2017 നമ്പർ ഫയലിൽ കെട്ടിട നികുതി അടവാക്കുന്നതിനായി ഡിമാൻറ് നോട്ടീസ് നൽകിയിട്ടുള്ളത് 03/08/2018 തീയതിയിലും ഒറ്റത്തവണ നികുതി അടവാക്കിയിട്ടുള്ളത് 13/08/2018 തീയതിയിലുമാണ്. കെട്ടിട നമ്പർ അനുവദിച്ച BA-157(10)14-15 നമ്പർ ഫയലിൽ കെട്ടിട നികുതി അടവാക്കുന്നതിനായി ഡിമാൻറ് നോട്ടീസ് നൽകിയിട്ടുള്ളത് 16/02/2019 തീയതിയിലും ഒറ്റത്തവണ നികുതി അടവാക്കിയിട്ടുള്ളത് 01/01/2019 തീയതിയിലുമാണ്. കെട്ടിട നമ്പർ അനുവദിച്ച BA/565(10)/13-15 നമ്പർ ഫയലിൽ കെട്ടിട നികുതി അടവാക്കുന്നതിനായി ഡിമാൻറ് നോട്ടീസ് നൽകിയിട്ടുള്ളത് 25/06/2018 തീയതിയിലും ഒറ്റത്തവണ നികുതി അടവാക്കിയിട്ടുള്ളത് 05/10/2018 തീയതിയിലുമാണ്. കെട്ടിട നമ്പർ അനുവദിച്ച BA-157(4)14-15 നമ്പർ ഫയലിൽ കെട്ടിട നികുതി അടവാക്കുന്നതിനായി ഡിമാൻറ് നോട്ടീസ് നൽകിയിട്ടുള്ളത് 09/05/2018 തീയതിയിലും ഒറ്റത്തവണ നികുതി അടവാക്കിയിട്ടുള്ളത് 09/01/2018 തീയതിയിലുമാണ് എന്നറിയിക്കുന്നു. കൂടാതെ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ഫയലുകളിൽ BA-157(10)/14-15, BA-157(4)/14-15 എന്നീ ഫയലുകളിൽ ഒഴികെ BA/80/19, BA/222/18, BA/.84/17, BA/565/13-14 എന്നീ അപേക്ഷകളിൽ ഒറ്റത്തവണ നികുതി അടവാക്കിയ രസീതിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ടെങ്കിലും കെട്ടിട നമ്പർ അനുവദിച്ച ശേഷമാണ് ഒറ്റത്തവണ നികുതി അടവാക്കിയിട്ടുള്ളതെന്ന് രേഖകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. 28/10/2019 തീയതിയിലെ വിജിലൻസ് പരിശോധന വേളയിൽ ഒറ്റത്തവണ നികുതി ഒടുക്കിയിരുന്നെങ്കിലും രസീത് ഫയലിൽ സുക്ഷിച്ചിരുന്നില്ല. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ചാർജ്ജ് മെമ്മോ ശരിവയ്ക്കുന്നതാണ് ടിയാളുടെ വിശദീകരണം എന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

13. കൂടാതെ കേരളാ മുൻസിപ്പാലിറ്റി നിയമം 233 (11) (13) വകുപ്പ് പ്രകാരവും 2011 ലെ കേരളാ മുൻസിപ്പാലിറ്റി വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ചട്ടങ്ങൾ (11) (12) പ്രകാരവും വസ്തുനികുതി നിർണ്ണയം നടത്തി ഡിമാന്റ് നോട്ടീസ് നൽകേണ്ടത് മുൻസിപ്പൽ സെക്രട്ടറിയുടെ ചുമതലയാണ്. 1975-ലെ കേരള ബിൽഡിംഗ് ടാക്സ് ആക്ട് പ്രകാരം ഒറ്റതവണ നികുതിയും ആഡംബര നികുതിയും നിർണ്ണയിച്ച് ഈടാക്കേണ്ട ചുമതല താലൂക്ക് തഹസിൽദാർക്കാണ്. കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് 1975-ലെ കേരള ബിൽഡിംഗ് ടാക്സ് ആക്ട് 7 പ്രകാരം റിട്ടേൺ ഫയൽ ചെയ്യേണ്ടത് കെട്ടിട ഉടമയാണ്. കെട്ടിട ഉടമ മേൽ റിട്ടേൺ ഫയൽ ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസം നഗരസഭയുടെ വസ്തു

നികുതിയിൽ റവന്യൂ നഷ്ടം ഉണ്ടാക്കുന്നതിന് കാരണമാകാവുന്നതാണെന്നുള്ള വിവരവും ജില്ലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

14. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോ/പത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പ്രകാരം പരിശോധിച്ചതിൽ കെട്ടിടനികുതി നിർണ്ണയിച്ച് നൽകിയതുമായി ബന്ധപ്പെട്ട് ചേർത്തല നഗരസഭയിൽ വിജിലൻസ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ പരാമർശ ജീവനക്കാരുടെ ഭാഗത്ത് മനപൂർവ്വമല്ലാത്ത വീഴ്ചയുണ്ടായിട്ടുള്ളതായി കാണുന്നു. മേൽ സാഹചര്യത്തിൽ ചേർത്തല നഗരസഭയിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനാ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ടി നഗരസഭയിലെ റവന്യൂ വിഭാഗത്തിലെ ഉദ്യോഗസ്ഥരായിരുന്ന ശ്രീമതി. ജ്യോതിമോൾ.വി., ആർ3 സെക്ഷൻക്ലർക്ക്, ശ്രീമതി. രാധിക.ടി.ജി., ആർ4 സെക്ഷൻക്ലർക്ക്, ശ്രീമതി. അശ്വതി.ജെ,ആർ5 സെക്ഷൻക്ലർക്ക്, ശ്രീ. ശ്രീകുമാർ.പി.എസ്., റവന്യൂ ഇൻസ്പെക്ടർ, ശ്രീ. പ്രശാന്ത്.പി., റവന്യൂ ഇൻസ്പെക്ടർ, ശ്രീമതി.ഷജിത കൃഷ്ണൻ,സൂപ്രണ്ട് എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി ടിയാളുകൾക്ക് 'സെൻഷർ' നൽകിക്കൊണ്ട് അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( A & E / Audit )
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 16-05-2024 14:01:50
സെക്ഷൻ ഓഫീസർ